**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 704 **09.08.2017**-ലെ മറുപടിക്ക്

<u>എസ്.സി.കോളനികളുടെ നവീകരണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എസ്.സി കോളനികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ആവിഷ്കരിച്ച അംബേദ്കർ മാതൃകാ കോളനി പദ്ധതിയിലേക്ക് അർഹതപ്പെട്ട കോളനികളെ കണ്ടെത്തുന്ന കാര്യത്തിൽ ജില്ലാ ഓഫീസുകളുടെ കെടുകാര്യസ്ഥത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | കോളനികളിലെ കുടുംബങ്ങളുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച എറണാകുളം ജില്ലയിലെ കോളനികൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;മറ്റുള്ള നിയോജക മണ്ഡലങ്ങളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടതും ഫീസിബിളുമായ കോളനികൾ ഏതെല്ലാമെന്നും ടി കോളനികൾക്ക് അനുമതി നല്കുന്നതിലെ കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയ കോളനികളുടെ ലിസ്റ്റും പുതുതായി നിർദ്ദേശിക്കപ്പെട്ടതും ഫീസിബിളുമായ കോളനികളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു. ബഹുമാനപ്പെട്ട എം.എൽ.എ-മാർ നേരിട്ട് ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ അതത് ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന ഫീസിബിളാണോയെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കിയ ശേഷം തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഉത്തരവ് നൽകുന്നതിനുണ്ടാകുന്ന സാമാന്യമായ കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടാകുന്നുള്ളു. |

| | | | |
|---|---|---|---|
| (ഡി) | ടി കോളനികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| (ഇ) | 40 കുടുംബങ്ങളില്ലാത്ത നിയോജക മണ്ഡലത്തിലെ അർഹതപ്പെട്ട കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | നിലവിലെ മാനദണ്ഡമനുസരിച്ച്, 40 പട്ടികജാതി കുടുംബങ്ങൾ ഇല്ലാത്ത കോളനികളിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിയില്ല. |
| (എഫ്) | എങ്കിൽ കൊച്ചി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്

## അനുമതി നൽകിയ എറണാകുളം ജില്ലയിലെ കോളനികൾ

| | എറണാകുളം | |
|---|---|---|
| 86 | പാറയ്ക്കാട്ടുമാലി (വേങ്ങോല) | പെരുമ്പാവൂർ |
| 87 | നെട്ടുമല (വേങ്ങോല) | |
| 88 | വെങ്ങൂർ പട്ടികജാതി കോളനി (അങ്കമാലി മുൻസിപ്പാലിറ്റി) | അങ്കമാലി |
| 89 | വട്ടേക്കാട് (മുക്കന്നൂർ ഗ്രാമപഞ്ചായത്ത്) | |
| 90 | മല്ലുശ്ശേരി കോളനി (നെടുമ്പാശ്ശേരി) | ആലുവ |
| 91 | കല്ലയം കൈന്നൂർ കോളനി | |
| 92 | ചാലക്കരസെറ്റിൽമെന്റ് (കുന്നുകര ഗ്രാമ പഞ്ചായത്ത്) | കളമശ്ശേരി |
| 93 | ഗ്ലാസ് കോളനി | |
| 94 | കമ്പിവേലിക്കകം കോളനി (ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത്) | പറവൂർ |
| 95 | എടത്തുരുത്ത് ഹരിജൻ സെറ്റിൽമെന്റ് കോളനി | |
| 96 | വാഴത്തറ, ഈട്ടുമേൽ, പൊന്നാച്ചുനികത്തിൽ കോളനി - പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | വൈപ്പിൻ |
| 97 | വലിയതറ ഉപ്പുകണ്ടം (ചെല്ലാനം ഗ്രാമപഞ്ചായത്ത്) | കൊച്ചി |
| 98 | പുത്തൻകരി-കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | |
| 99 | യോഗപ്പറമ്പ് കിഴക്ക് യോഗപ്പറമ്പ് തെക്ക്-കിഴക്ക്, തെക്ക് കോളനികൾ ചേർത്ത് (കുമ്പളം) | തൃപ്പൂണിത്തുറ |
| 100 | എസ്.എം.പി കോളനി (എരൂർ) | |
| 101 | പരുത്തിത്തറ പട്ടികജാതി കോളനി | എറണാകുളം |
| 102 | ഇത്തിത്തറ പട്ടികജാതി കോളനി | |
| 103 | കണ്ണങ്കേരി കോളനി (തൃക്കാക്കര പഞ്ചായത്ത്) | തൃക്കാക്കര |
| 104 | കടവന്ത്ര കോളനി | |
| 105 | ഉറ്റ പട്ടികജാതി കോളനി | കുന്നത്തുനാട് |
| 106 | പള്ളിമുഗൾ പട്ടികജാതി കോളനി | |
| 107 | പുളിക്കമാലി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | പിറവം |
| 108 | കീഴൂറി-രാമമംഗലം ഗ്രാമപഞ്ചായത്ത് | |
| 109 | കാടൻപാറ-കൊള്ളിക്കാട്ടുശ്ശേരി | മൂവാറ്റുപുഴ |
| 110 | മേളക്കുന്ന് കോളനി-മാറാടി ഗ്രാമപഞ്ചായത്ത് | |
| 111 | മുണ്ടൂർകോളനി, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | കോതമംഗലം |

→

## പുതുതായി ലഭിച്ച കോളനികളുടെ ലിസ്റ്റ്

### എറണാകുളം ജില്ല

| ക്രമ നം | നിയോജക മണ്ഡലം | എം.എൽ.എ | കോളനിയുടെ പേര് | |
|---|---|---|---|---|
| 1 | കോതമംഗലം | ശ്രീ. ആന്റണി ജോൺ | 1 | ഏറുപുരം കോളനി (കീരമ്പാറ ഗ്രാമപഞ്ചായത്ത്) |
| 2 | വൈപ്പിൻ | ശ്രീ. എസ്. ശർമ്മ | 1 | IHDP കോളനി (നായരമ്പലം ഗ്രാമപഞ്ചായത്ത്) |

### അംഗീകാരം ലഭിച്ച ശേഷം പരിശോധനയിൽ ഫീസിബിളില്ലാത്തതിനാൽ പകരം ചേർക്കുന്ന കോളനികളുടെ ലിസ്റ്റ്

| ക്രമ നം | നിയോജക മണ്ഡലം | എം.എൽ.എ | തിരഞ്ഞെടുത്തതും ഒഴിവാക്കേണ്ടതുമായ കോളനി | പകരം ഉൾപ്പെടുത്തിയ കോളനി |
|---|---|---|---|---|
| 1 | വൈപ്പിൻ | ശ്രീ. എസ്. ശർമ്മ | വാഴത്തറ, ഇട്ടുമേൽ പൊന്നാച്ചു നികത്തിൽ കോളനി | ഒ.എൽ.എച്ച്. കോളനി |
| 2 | ആലുവ | ശ്രീ. ജോൺ ഫെർണാണ്ടസ് | പരുത്തിത്തറ പട്ടിക ജാതി കോളനി | മലയൻകാട് വെസ്റ്റ് കോളനി |
| 3 | കളമശ്ശേരി | ശ്രീ. ജോൺ ഫെർണാണ്ടസ് | ഇത്തിത്തറ പട്ടികജാതി കോളനി | കുന്നുകര പട്ടികജാതി കോളനി |